കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 16-12-2020

**സർക്കുലർ നം 94**

എല്ലാ ജയിൽ സൂപ്രണ്ടുമാരുടേയും അടിയന്തിര ശ്രദ്ധക്കും തുടർ നടപടികൾക്കുമായി

വിവിധ അന്വേഷണ ഏജൻസികൾ പ്രതികളെ ചോദ്യം ചെയ്യുന്നത് വീഡിയൊഗ്രാഫ് ചെയ്യണമെന്നും, പ്രസ്തുത വീഡിയൊ ഗ്രാഫ് 18 മാസമെങ്കിലും സൂക്ഷിക്കണമെന്നും **ബഹു സുപ്രീം കോടതി 2.12.2020 ലെ SLP (Crl) No.3543 of 2020** പ്രകാരം ഉത്തരവായിരിക്കുന്നു. ഇനിമേൽ കേരളത്തിലെ ജയിലുകളിൽ പ്രതികളെ ചോദ്യം ചെയ്യാനും, വിവരങ്ങൾ ശേഖരിക്കാനും കോടതി ഉത്തരവുകൾ പ്രകാരം എത്തുന്ന **പോലീസ്, CBI, NIA, ED, Customs, NCB, DRI, SFIO** തുടങ്ങിയ അന്വേഷണ ഏജൻസികളെ, ടി നടപടി വീഡിയൊഗ്രാഫ് ചെയ്യുന്നതിനുള്ള സൗകര്യവുമായി വരാൻ നിർദ്ദേശിക്കേണ്ടതും, അത്തരത്തിൽ വീഡിയൊഗ്രാഫ് സൗകര്യത്തോട് കൂടി വരുന്ന അന്വേഷണ ഏജൻസികൾക്ക് മാത്രം, ആയതിനുള്ള സൗകര്യം നൽകിയാൽ മതിയെന്നും നിർദ്ദേശിക്കുന്നു

ഈ ഉത്തരവ് എല്ലാ ജയിൽ സൂപ്രണ്ടുമാരും 17.12.2020 മുതൽ കർശനമായി പാലിക്കേണ്ടതാണ്. പ്രതികളെ ചോദ്യം ചെയ്യുന്നതിന് സൌകര്യ പ്രദമായ സ്ഥലം എല്ലാ ജയിലുകളിലും പ്രത്യേകമായി സൂപ്രണ്ടുമാർ ക്രമീകരിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും